"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പാലക്കാട് ജില്ല — 2018 -ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട ശ്രീ.കെ.ടി.ഹൈദരലിയ്ക്ക് പുനരധിവാസത്തിന്റെ ഭാഗമായി സ്ഥലവും വീടിനുമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1345/2026/RD തീയതി,തിരുവനന്തപുരം, 17-07-2026

---

പരാമർശം:-

1. 30.06.2026 ലെ സ.ഉ(സാധ) 265/2026/ഡി.എം.ഡി
2. 19.12.2019 ലെ സ.ഉ(സാധാ) 38/2019/ഡി.എം.ഡി

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം 2018-ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട പാലക്കാട് താലൂക്കിലെ ശ്രീ. കെ.ടി. ഹൈദരാലിക്ക് പുനരധിവാസത്തിന്റെ ഭാഗമായി പ്രസ്തുത ഭവനത്തിന് പ്രാരംഭ ഘട്ടത്തിൽ ഭാഗികമായ നാശനഷ്ടത്തിനുള്ള ധനസഹായം അനുവദിച്ചിരുന്നുവെന്നും പിന്നീട് ഇദ്ദേഹത്തെ പൂർണ്ണ പുനരധിവാസത്തിന് അർഹമായ പട്ടികയിൽ ഉൾപ്പെടുത്തുകയും പൂർണ്ണ പുനരധിവാസത്തിന്റെ ഭാഗമായി സ്ഥലം വാങ്ങുന്നതിനുള്ള രജിസ്ട്രേഷൻ തുകയായി 60,000/- രൂപ മുൻകൂറായി നൽകിയിട്ടുള്ളതായും ഫണ്ട് ലഭിക്കുന്നതിലുണ്ടായ കാലതാമസം കാരണവും സുരക്ഷാ ഭീഷണി നിലനിൽക്കുന്ന പുറമ്പോക്ക് സ്ഥലത്തുനിന്ന് മാറുന്നതിനായി നിർബന്ധിതനായതിനാലും ഫണ്ട് ലഭിക്കുമെന്ന പ്രതീക്ഷയിൽ വായ്പ്പയിലൂടെയും മറ്റുള്ളവരുടെ സഹായത്തോടെയും ലഭിച്ച പൂർത്തിയാക്കിയിട്ടുള്ളതാണെന്നും മുൻപ് അനുവദിച്ച തുക കഴിച്ച് ബാക്കി തുകയായ 7,55,000/- രൂപ രജിസ്ട്രേഷൻ പൂർത്തിയാക്കിയ സാഹചര്യത്തിൽ മേൽ രേഖകളെല്ലാം പരിശോധിച്ച സ.ഉ(സാധാ) 38/2019/ഡി.എം.ഡി തീയതി 19.12.2019 ഉത്തരവിൽ പ്രതിപാദിക്കുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തിയ ശേഷം 7,55,000/-രൂപ(എഴ് ലക്ഷത്തി അൻപത്തയ്യായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും, ഗുണഭോക്താവിന് നേരിട്ട് നൽകാൻ പാലക്കാട് ജില്ലാ കളക്ടർക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായി വരുന്ന 7,55,000/- രൂപ (എഴ് ലക്ഷത്തി അൻപത്തയ്യായിരം



File No. DRF-B3/34/2026-REV (Computer No. 3555488)

Generated from eOffice by SALINI S, SN-ASST(DRF B3) REV, SN-ASST(DRF B3) REV, Revenue Department on 22/07/2026 03:28 PM

രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും പാലക്കാട് ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് നടപടി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
ജോയിന്റ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യു, തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്(ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
റവന്യൂ(ഡി.ആർ.എഫ്-എ/സി) വകുപ്പ്
ദുരന്ത നിവാരണ(എ/ബി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ(IAS) പി.എ ക്ക്
റവന്യു വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ -യ്ക്ക്



File No. DRF-B3/34/2026-REV (Computer No. 3555488)
Generated from eOffice by SALINI S, SN-ASST(DRF B3) REV, SN-ASST(DRF B3) REV, Revenue Department on 22/07/2026 03:28 PM